കോട്ടയം മെഡിക്കൽ കോളേജിന് ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ സ്ഥിരം അംഗീകാരം

172 [1774] *ശ്രീ. കെ. നാരായണക്കുറുപ്പ് :*
,, *തോമസ് ചാഴികാടൻ :*
,, *റോഷി അഗസ്റ്റിൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം മെഡിക്കൽ കോളേജിന് ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ സ്ഥിരം അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) ഐ. എം. സി. യുടെ പാറ്റേൺ പ്രകാരമുള്ള തസ്തികകൾ എല്ലാം സൃഷ്ടിച്ചിട്ടുണ്ടോ ;

(ഡി) ആവശ്യമായ സ്ഥലസൗകര്യം ലഭ്യമാക്കിയിട്ടുണ്ടോ;

(ഇ) കോട്ടയം മെഡിക്കൽ കോളേജിന് ഐ. എം. സി. യുടെ സ്ഥിരം അംഗീകാരം ലഭിക്കുന്നതിനുവേണ്ട നടപടികൾ സർക്കാർ അടിയന്തിരമായി സ്വീകരിക്കുമോ?

ഉത്തരം

(എ) കോട്ടയം മെഡിക്കൽ കോളേജിൽ എം. ബി. ബി. എസ്. കോഴ്സിന് സ്ഥിരം അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചു വരികയാണ്.

(ഡി) ആവശ്യമായ സ്ഥലസൗകര്യം ലഭ്യമാക്കിവരുന്നു.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ആയുർവേദ ഡിസ്പെൻസറി ഇല്ലാത്ത പഞ്ചായത്തുകൾ

173 [1777] *ശ്രീ. കെ. മുഹമ്മദാലി :*
,, *കെ. മോഹൻകുമാർ :*
,, *കെ. സുധാകരൻ :*
,, *സി. പി. മുഹമ്മദ് :*
,, *കെ. എ. ചന്ദ്രൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയുർവേദ ഡിസ്പെൻസറി ഇല്ലാത്ത എത്ര ഗ്രാമപഞ്ചായത്തുകൾ ഉണ്ട്;

(ബി) പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ ആയുർവേദ ഡിസ്പെൻസറികൾ എന്ന് തുടങ്ങാനാണ് ഉദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly